OFFICE OF THE
COCHIN DEVASWOM
BOARD
THRISSUR
PHONE No.2331124
Fax:2335874

M4/6686/15 Date.30/6/15

# പരസ്യം

## ചോറ്റാനിക്കര ക്ഷേത്രം മേൽശാന്തി നിയമനം

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിൽ കീഴിലുള്ള ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിൽ 1191 എം.ഇ. ചിങ്ങം 1 മുതൽ 1191 എം.ഇ. കർക്കിടകം 31 വരെ ഒരു വർഷക്കാലം മേൽക്കാവിൽ മേൽശാന്തി തസ്തികയിലേയ്ക്കും, കീഴ്ക്കാവ്, ശിവൻ, ശാസ്താവ് എന്നീ ക്ഷേത്രങ്ങളിലേയ്ക്കും മേൽ ശാന്തി മാരെ നിയമിക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിലെ A,B,C ഗ്രേഡ് ക്ഷേത്രങ്ങളിൽ ജോലി ചെയ്ത് വരുന്ന ശാന്തിക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

മേൽക്കാവിലെ മേൽശാന്തി തസ്തികയിലേയ്ക്കുള്ള അപേക്ഷകർ 45വയസ്സ് തികഞ്ഞവരും, കൊച്ചിൻ ദേവസ്വം ബോർഡിൽ 15 വർഷം സർവ്വീസ് പൂർത്തിയാക്കിയവരും, കീഴ്ക്കാവ് , ശിവൻ, ശാസ്താവ് നടയിലേയ്ക്കുള്ള അപേക്ഷകർ 5 വർഷം സർവ്വീസ് പൂർത്തിയാക്കിയവരും ആയിരിക്കണം. കഴിഞ്ഞ പത്തു വർഷത്തിനിടെ എന്തെങ്കിലും ശിക്ഷാ നടപടികൾക്ക് വിധേയരാ വയവരുടേയോ ഇപ്പോൾ എന്തെങ്കിലും അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്ന വരുടേയോ അപേക്ഷകൾ പരിഗണിക്കുന്നതല്ല. എല്ലാ അപേക്ഷകരും കൊച്ചിൻ ദേവസ്വം ബോർഡ് നടത്തുന്ന സ്ക്രീനിംഗിൽ പങ്കെടുക്കേണ്ടതും സ്ക്രീനിംഗിൽ പാസ്സായവരിൽ നിന്നും നറുക്കെടുത്ത് മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്നതുമാ ണ്. മേൽക്കാവ് മേൽശാന്തി തസ്തികയിലേയ്ക്ക് തിരഞ്ഞെടുപ്പിന് ആദ്യ പരിഗ ണന “ എ ”ഗ്രേഡ് ശാന്തിക്കാർക്കായിരിക്കും. “എ ” ഗ്രേഡ് ശാന്തിക്കാരെ ലഭി ക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ “ബി” ഗ്രേഡ് ശാന്തിക്കാരെ നറുക്കെടുപ്പിൽ ഉൾപ്പെടുത്തുകയുള്ളു. ”എ” ”ബി” ഗ്രേഡ് ശാന്തിക്കാരെ ലഭി ക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രമെ “സി” ഗ്രേഡ് ശാന്തിക്കാരെ നറുക്കെ ടുപ്പിൽ ഉൾപ്പെടുത്തുകയുള്ളു. മേൽക്കാവിലേയ്ക്ക് ശാന്തിയായി രണ്ട് പേരെ യാണ് തിരഞ്ഞെടുക്കുക. ഒരാൾ മേൽശാന്തിയായും ഒരാൾ കീഴ്ശാന്തിയായും ഒന്നിടവിട്ട മാസങ്ങളിൽ പ്രവർത്തിക്കേണ്ടതാണ്. ആദ്യം നറുക്കെടുക്കുന്ന ആൾ ആദ്യ മാസം മേൽശാന്തിയായി ചുമതലയേൽക്കേണ്ടതാണ്. മേൽക്കാവ് ശാന്തി ക്കാരെ പുറപ്പെടാ ശാന്തിയായി കണക്കാക്കുന്നതാണ്. ഈ സെലക്ഷൻ ബഹുമാ നപ്പെട്ട സുപ്രീം കോടതിയിൽ നിലവിലുള്ള SLP (Civil)No.24231/13 നമ്പർ കേസ്സിന്റെ വിധിയ്ക്ക് വിധേയമായിരിക്കും.

കീഴ്ക്കാവ്, ശാസ്താവ് , ശിവ ക്ഷേത്രത്തിലേയ്ക്കുള്ള ശാന്തിക്കാരുടെ തസ്തികയിലേയ്ക്ക് സ്ക്രീനിംഗ് പാസ്സായവരിൽ നിന്നും നറുക്കെടുത്താണ് മേൽ ശാന്തിക്കാരെ നിയമിക്കുക.

അപേക്ഷകൾ വെള്ളകടലാസ്സിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ഇപ്പോൾ ജോലി ചെയ്യുന്ന ഗ്രൂപ്പിലെ അസിസ്റ്റന്റ് കമ്മീഷണർ, ദേവസ്വം മാനേജർ/ദേവസ്വം ഓഫീസർ/ജൂനിയർ ദേവസ്വം ഓഫീസറുടെ പക്കൽ നിന്നും സാക്ഷ്യപത്രം സഹിതം സെക്രട്ടറി,കൊച്ചിൻ ദേവസ്വം ബോർഡ്, റൗണ്ട് നോർത്ത്, തൃശ്ശൂർ-1 എന്ന വിലാസത്തിൽ 15.7.2015- ന് 5 P.M -നകം സമർപ്പിക്കേണ്ടതാണ്.

സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്
തൃശ്ശൂർ